**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എസ്.എൽ.ഐ. പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാർക്ക് എസ്.എൽ.ഐ. പോളിസി നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പോളിസി ആരംഭിക്കുന്നതിനുള്ള പ്രായപരിധി എത്രയായിട്ടാണ് എസ്.എൽ.ഐ. ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>50 വയസുവരെ. |
| (ബി) | പ്രായപരിധി കഴിഞ്ഞ ജീവനക്കാരിൽ ആരുടെയെങ്കിലും പക്കൽനിന്നും നിലവിലുള്ള പോളിസിക്ക് പുറമെ പുതുതായി വീണ്ടും എസ്.എൽ.ഐ. പോളിസി ആരംഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട കെ.എസ്.ആർ.ടി. ഉദ്യോഗസ്ഥർ എഴുതിവാങ്ങുകയും പ്രസ്തുത അപേക്ഷകരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും രണ്ടാമതായി ആരംഭിച്ച പോളിസിക്കും പ്രീമിയം തുക പിടിക്കുന്നുണ്ടോ; എങ്കിൽ അത് ചട്ടപ്രകാരമാണോ എന്ന് അറിയിക്കുമോ; | (ബി) | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ എസ്.എൽ.ഐ. പദ്ധതി ബാധകമായ എല്ലാ ജീവനക്കാരുടെയും അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, പേഴ്സൺ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി പ്രതിമാസ പ്രീമിയം തുക പുതുക്കി നിശ്ചയിച്ച് കൊണ്ടുള്ള സ.ഉ. (അച്ചടി) നം. 150/2021/ധന. തീയതി 30-11-2021 ഉത്തരവ് കെ.എസ്.ആർ.ടി.സി.യിലും നടപ്പിലാക്കിയിരുന്നു.<br><br>പോളിസി ആരംഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞ ജീവനക്കാരിൽ നിന്നും SLI പോളിസി പ്രീമിയം തുക ഈടാക്കിയിട്ടില്ല. |
| (സി) | ഇത്തരക്കാരിൽ നിന്നും രണ്ടാമതായും ഒരു പ്രീമിയം തുക പിടിക്കാനിടയായ സാഹചര്യം ഗൗരവമായി കണ്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) | 2022-ൽ കെ.എസ്.ആർ.ടി.സി.യിൽ പേ റിവിഷൻ നടപ്പിലാക്കുകയും തുടർന്ന് ഗവൺമെന്റ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ പോളിസി തുക പുതുക്കി നിശ്ചയിക്കുകയും 50 വയസ്സ് അധികരിക്കാത്ത ജീവനക്കാരിൽ നിന്നും രണ്ടാമതായി ഒരു അഡീഷണൽ പോളിസി ആരംഭിച്ച് തുക ഈടാക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക ബാധ്യത കാരണം 2022-ൽ ഈടാക്കി തുടങ്ങിയ പുതുക്കിയ പ്രീമിയം തുക 2023-ൽ മാത്രമാണ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ അടക്കാൻ കഴിഞ്ഞത്. |

<table>
<tr>
<td>(ഡി)</td>
<td>കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിൽ സ്ഥിരം ജീവനക്കാരൻ (ഐ.ഡി.നം.ജി18376)-ന്റെ പേരിൽ എത്ര എസ്.എൽ.ഐ. പോളിസികൾ എന്നുമുതൽ ആരംഭിച്ചുവെന്നും ഇവയ്ക്ക് പ്രതിമാസം പിടിച്ച പ്രീമിയം തുകയുടെ കണക്കുകളുൾപ്പെടെ പട്ടിക തിരിച്ച് ലഭ്യമാക്കുമോ;</td>
<td>(ഡി)</td>
<td>രണ്ടു പോളിസികളാണ് ടി ജീവനക്കാരനുള്ളത്.<br><br>പോളിസി 1 - ആരംഭിച്ചത് 08/2021, പ്രീമിയം തുക - 300/- രൂപ<br><br>പോളിസി 2 - ആരംഭിച്ചത് 04/2022, പ്രീമിയം തുക - 300/- രൂപ<br><br>ആകെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നത് 600/- രൂപ.<br><br>
<table>
<tr><th>Month</th><th>SLI Amount</th><th>Month</th><th>SLI Amount</th></tr>
<tr><td>Aug-21</td><td>300</td><td>Nov-23</td><td>600</td></tr>
<tr><td>Sep-21</td><td>300</td><td>Dec-23</td><td>600</td></tr>
<tr><td>Oct-21</td><td>300</td><td>Jan-24</td><td>600</td></tr>
<tr><td>Nov-21</td><td>300</td><td>Feb-24</td><td>600</td></tr>
<tr><td>Dec-21</td><td>300</td><td>Mar-24</td><td>600</td></tr>
<tr><td>Jan-22</td><td>300</td><td>Apr-24</td><td>600</td></tr>
<tr><td>Feb-22</td><td>0</td><td>May-24</td><td>600</td></tr>
<tr><td>Mar-22</td><td>0</td><td>Jun-24</td><td>600</td></tr>
<tr><td>Apr-22</td><td>600</td><td>Jul-24</td><td>600</td></tr>
<tr><td>May-22</td><td>600</td><td>Aug-24</td><td>600</td></tr>
<tr><td>Jun-22</td><td>600</td><td>Sep-24</td><td>600</td></tr>
<tr><td>Jul-22</td><td>600</td><td>Oct-24</td><td>600</td></tr>
<tr><td>Aug-22</td><td>600</td><td>Nov-24</td><td>600</td></tr>
<tr><td>Sep-22</td><td>600</td><td>Dec-24</td><td>600</td></tr>
<tr><td>Oct-22</td><td>600</td><td>Jan-25</td><td>600</td></tr>
<tr><td>Nov-22</td><td>600</td><td>Feb-25</td><td>600</td></tr>
<tr><td>Dec-22</td><td>600</td><td>Mar-25</td><td>600</td></tr>
<tr><td>Jan-23</td><td>600</td><td>Apr-25</td><td>600</td></tr>
<tr><td>Feb-23</td><td>600</td><td>May-25</td><td>600</td></tr>
<tr><td>Mar-23</td><td>600</td><td>Jun-25</td><td>600</td></tr>
<tr><td>Apr-23</td><td>600</td><td>Jul-25</td><td>600</td></tr>
<tr><td>May-23</td><td>600</td><td>Aug-25</td><td>600</td></tr>
<tr><td>Jun-23</td><td>600</td><td>Sep-25</td><td>600</td></tr>
<tr><td>Jul-23</td><td>600</td><td>Oct-25</td><td>600</td></tr>
<tr><td>Aug-23</td><td>600</td><td>Nov-25</td><td>600</td></tr>
<tr><td>Sep-23</td><td>600</td><td>Dec-25</td><td>600</td></tr>
<tr><td>Oct-23</td><td>600</td><td>Jan-26</td><td>600</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>എസ്.എൽ.ഐ.യുടെ നിലവിലുള്ള മാനദണ്ഡപ്രകാരം ടിയാന് വീണ്ടും ഒരു പോളിസി കൂടി തുടങ്ങുന്നതിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ വീണ്ടും ഒരു എസ്.എൽ.ഐ. പോളിസി ആരംഭിക്കാൻ ടിയാനിൽനിന്നും അപേക്ഷ ബന്ധപ്പെട്ട</td>
<td>(ഇ)</td>
<td>ടിയാന്റെ ജനനതീയതി 02.01.1973 ആണ്. ആയതുപ്രകാരം ടിയാന് 50 വയസ്സ് 2022 ഏപ്രിലിൽ പൂർത്തീയാകാത്തതിനാൽ രണ്ടാമത് ഒരു പോളിസി കൂടി തുടങ്ങുവാൻ ടിയാന് അർഹത ഉണ്ടായിരുന്നു.</td>
</tr>
</table>

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ എഴുതിവാങ്ങിയിരുന്നോ; എങ്കിൽ അത് ക്രമപ്രകാരമായിരുന്നോ എന്ന് വിശദമാക്കുമോ; | | |
| (എഫ്) | ആരംഭിച്ചിട്ടില്ലാത്ത എസ്.എൽ.ഐ.യുടെ പേരിൽ എത്രരൂപ എന്നുമുതൽ ടിയാന്റെ പ്രതിമാസ ശമ്പളത്തിൽനിന്ന് പിരിച്ചിട്ടുണ്ട്; ചട്ടപ്രകാരമല്ലാതെ പ്രീമിയം തുക പിടിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ടിയാന്റെ ശമ്പളത്തിൽനിന്നും ഇല്ലാത്ത പോളിസിക്ക് വേണ്ടി അനധികൃതമായി കെ.എസ്.ആർ.ടി.സി. പിടിച്ചെടുത്ത തുക ഒന്നടങ്കം ഉടൻ പ്രാബല്യത്തോടെ തിരിച്ചുനൽകുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (എഫ്) | കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിലെ ടി ജീവനക്കാരന് (PEN No. G18376) 50 വയസ്സ് അധികരിക്കാത്തതിനാൽ നിയമപ്രകാരം ടിയാന്റെ പേരിൽ രണ്ടാമത് ഒരു SLI പോളിസി ആരംഭിക്കാൻ അർഹതയുള്ളതായി കണ്ടതിനെ തുടർന്ന് 2022 ഏപ്രിൽ മുതൽ ടിയാന്റെ ശമ്പളത്തിൽ നിന്ന് പ്രീമിയം തുക 2026 ജനുവരി മാസം വരെ റിക്കവറി നടത്തിയിരുന്നു. എന്നാൽ ടിയാൻ SLI രണ്ടാമത് പോളിസിയ്ക്കുള്ള അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിച്ചത് 50 വയസ്സ് അധികരിച്ചതിന് ശേഷമാണ്.<br><br>ടിയാൻ സമർപ്പിച്ച അപേക്ഷ SLI ഓഫീസിൽ സ്വീകരിക്കുകയും തുടർന്ന് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല എന്ന് SLI ഓഫീസിൽ അന്വേഷിച്ചതിൽനിന്നും അറിയിച്ചിട്ടുള്ളതാണ്. ടിയാന്റെ നിലവിലെ അപേക്ഷ പരിഗണിച്ച് SLI ഓഫീസിൽ ബന്ധപ്പെട്ട് രണ്ടാമത്തെ പോളിസി ഇനത്തിൽ ഈടാക്കിയ തുക തിരിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ